പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8030 24.07.2012 -ലെ മറുപടി

വിഴിഞ്ഞം-കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി. ബസ്സ്

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വിഴിഞ്ഞം ഡിപ്പോയിൽ നിന്നും വിഴിഞ്ഞം-വെങ്ങാനൂർ-വണ്ടിത്തടം-പൂഞ്ചക്കരി-കരുമം മരുതൂർകടവ് -കാലടി-ആറ്റുകാൽ-കിഴക്കേകോട്ട റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ് എല്ലാ ദിവസവും സർവ്വീസ് നടത്താതിരിക്കുന്ന കാര്യവും സർവ്വീസ് നടത്തുന്ന ദിവസങ്ങളിൽ പോലും സർവ്വീസുകളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിഴിഞ്ഞം-വെങ്ങാനൂർ-വണ്ടിത്തടം-പൂഞ്ചക്കരി-കരുമം-മരുതൂർകടവ്- കാലടി-ആറ്റുകാൽ-കിഴക്കേകോട്ട സർവ്വീസിന് ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സാണ് ഉപയോഗിച്ചു വരുന്നത്. ഈ റൂട്ടിലെ ചില സ്ഥലങ്ങളിൽ വലിയ ബസ് ഉപയോഗിച്ച് സർവ്വീസ് നടത്തുവാൻ കഴിയാത്തതിനാലാണ് ചെറിയ ബസ് ഉപയോഗിക്കുന്നത്. ഈ ബസ്സിന് എന്തെങ്കിലും മെക്കാനിക്കൽ തകരാർ ഉണ്ടായാൽ പകരം ബസ് അനുവദിക്കാൻ ഇല്ലാത്തതിനാൽ സർവ്വീസ് നടത്തുവാൻ കഴിയാതെ വരുന്നുണ്ട്. രാവിലെയും വൈകുന്നേരവുമായി നാല് ട്രിപ്പുകളാണ് ഈ റൂട്ടിൽ കൂടി നടത്തുന്നത്. ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാലാണ് ഷെഡ്യൂൾ പൂർണ്ണമായും ഈ റൂട്ടിൽ കൂടി ഓടിക്കാതിരിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ ഈ റൂട്ടിൽ കൂടി ഷെഡ്യൂളുകൾ പൂർണ്ണമായും ഓടിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. എന്നാൽ കോർപ്പറേഷൻ സാമ്പത്തിക ഭദ്രത കൈവരിക്കുന്ന മുറയ്ക്ക് ഇത്തരം ഷെഡ്യൂളുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ